"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - തൈക്കാട് ഹൗസ്- സ്വീപ്പർ തസ്തിക- ശ്രീമതി. അജിത ബി യെയും ശ്രീമതി. ബിന്ദു സഹദേവനെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**188/2024/TSM** തീയതി,തിരുവനന്തപുരം, **25-03-2024**

---

പരാമർശം:- 1. **09.01.2023**-ലെ സ.ഉ.(സാധാ) നം. **130/2024/GAD.**

2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ **21.02.2024** ലെ **DOT/485/2024-E4** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബഹു. ആരോഗ്യ, വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതിയായി തൈക്കാട് ഹൗസ് പരാമർശം **(1)** പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത വസതിയിൽ സ്വീപ്പർ തസ്തികയിലെ ഒഴിവിൽ ശ്രീമതി. അജിത ബി (ഒ.എൽ ഹൗസ്, തരട്ടവിള, മലയിൻകീഴ്, തിരുവനന്തപുരം- **695571**), ശ്രീമതി. ബിന്ദു സഹദേവൻ (വലിയവിളയ്, ഇടയ്ക്കോട്, കന്യാകുമാരി, തമിഴ്നാട്-**629152**) എന്നീ വ്യക്തികളെ യഥാക്രമം **29.01.2024, 18.01.2024** പ്രാബല്യ തീയതികളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടിയ്ക്കും വേതനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ആരോഗ്യ, വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതിയായ തൈക്കാട് ഹൗസിൽ സ്വീപ്പർ തസ്തികയിൽ **29.01.2024** മുതൽ ശ്രീമതി. അജിത ബി യെയും **18.01.2023** മുതൽ ശ്രീമതി. ബിന്ദു സഹദേവനെയും **179** ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീമതി. അജിത ബി, ശ്രീമതി. ബിന്ദു സഹദേവൻ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/55/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 25-03-2024 11:23:31

സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്